**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2583** **02-08-2021 - ൽ മറുപടിയ്ക്ക്**

**പേരാമ്പ്ര മണ്ഡലത്തിലെ ശ്രീവാസുദേവ ആശ്രമം ഹയർ സെക്കന്ററി സ്കൂൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. റ്റി.പി .രാമകൃഷ്ണൻ | | Shri V Sivankutty<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | പേരാമ്പ്ര മണ്ഡലത്തിലെ ശ്രീവാസുദേവ ആശ്രമം ഹയർ സെക്കന്ററി സ്കൂൾ സർക്കാർ ഏറ്റെടുക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ; | (എ) | 17.02.2021-ലെ സ.ഉ(എം.എസ്)നം. 82/2021/ പൊ.വി.വ പ്രകാരം നടുവണ്ണൂർ ശ്രീവാസുദേവ ആശ്രമം ഹയർ സെക്കണ്ടറി സ്കൂൾ തത്ത്വത്തിൽ സർക്കാർ ഏറ്റെടുത്തു. ഏറ്റെടുക്കൽ നടപടികൾ പൂർത്തീകരിക്കുന്നതിന്റെ ഭാഗമായി സ്കൂളുമായി ബന്ധപ്പെട്ട രേഖകൾ വടകര ജില്ലാ വിദ്യാഭ്യാസ ആഫീസറോട് സമർപ്പിക്കുവാൻ ആവശ്യപ്പെട്ടിട്ടുണ്ട്. |
| (ബി) | 2015-ൽ മാനേജരുടെ മരണത്തെത്തുടർന്ന് ഹയർ സെക്കണ്ടറി വിഭാഗത്തിലെ അദ്ധ്യാപകർ, ലാബ് അസിസ്റ്റന്റുമാർ എന്നിവരുടെ പ്രൊബേഷൻ, പ്രമോഷൻ എന്നിവ വർഷങ്ങളായി മുടങ്ങിക്കിടക്കുകയാണ് എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ഉണ്ട്. |
| (സി) | പ്രസ്തുത സ്കൂളിലെ എത്ര അദ്ധ്യാപകരുടെയും ലാബ് അസിസ്റ്റന്റുമാരുടെയും പ്രൊബേഷൻ ഡിക്ലയർ ചെയ്യാനുള്ള അപേക്ഷ ആർ. ഡി. ഡി. ഓഫീസിലും ഡയറക്ടറേറ്റിലും ഉണ്ട് എന്ന് വ്യക്തമാക്കുമോ; ഇതിൽ തീരുമാനമെടുക്കേണ്ടത് ആരാണ് എന്ന് അറിയിക്കുമോ; | (സി) | ഇത്തരത്തിലുള്ള അപേക്ഷകൾ ഹയർ സെക്കണ്ടറി മേഖലാ ഉപമേധാവിയുടെ ഓഫീസിലും ഹയർസെക്കണ്ടറി ഡയറക്ടറേറ്റിലും ഇല്ല. |
| (ഡി) | മാനേജർ മരണപ്പെടുകയോ മാനേജ്മെന്റ് തർക്കം നിലനിൽക്കുകയോ ചെയ്യുന്ന സ്കൂളുകളിൽ അദ്ധ്യാപകരുടെയും മറ്റ് ജീവനക്കാരുടെയും പ്രൊബേഷൻ പോലുള്ള കാര്യങ്ങൾ തടസ്സപ്പെടാതെ നടത്തപ്പെടുന്നതിന് എന്ത് നടപടിയാണ് സ്വീകരിക്കുക എന്ന് വ്യക്തമാക്കുമോ; ഇക്കാര്യത്തിൽ എന്തെങ്കിലും ഉത്തരവ് നിലവിലുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ പകർപ്പ് ലഭ്യമാകുമോ? | (ഡി) | ഇപ്രകാരമുള്ള സ്കൂളുകളിൽ മാനേജരുടെ താൽക്കാലിക ചുമതല വഹിക്കുന്നതിന് ബന്ധപ്പെട്ട ജില്ലാ വിദ്യാഭ്യാസ ആഫീസർമാർക്ക് യഥാസമയം പൊതുവിദ്യാഭ്യാസ ഡയറക്ടർ ഉത്തരവ് നൽകാറുണ്ട്. |

സെക്ഷൻ ഓഫീസർ